**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2553** **04-03-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വ്യവസായവകുപ്പ് മുഖേന കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതി പ്രകാരം 9 യൂണിറ്റുകൾക്ക് 35,85,897 രൂപയും പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 26 യൂണിറ്റുകൾക്ക് 41,98,774 രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 11 യൂണിറ്റുകൾക്ക് 3,64,196 രൂപയും എം എസ് എം ഇ ഇൻഷ്വറൻസ് പ്രകാരം 5 യൂണിറ്റുകൾക്ക് 6,780 രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളെയും ചെലവാക്കിയ തുകയെയും സംബന്ധിച്ച് തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എടത്തുരുത്തി പഞ്ചായത്തിൽ 2 യൂണിറ്റുകൾക്ക് 84,124/- രൂപയും പെരിഞ്ഞനം പഞ്ചായത്തിൽ 2 യൂണിറ്റുകൾക്ക് 65,675/- രൂപയും മതിലകം പഞ്ചായത്തിൽ 2 യൂണിറ്റുകൾക്ക് 33,267/- രൂപയും ശ്രീനാരായണപുരം പഞ്ചായത്തിൽ 3 യൂണിറ്റുകൾക്ക് 1,62,950/- രൂപയും എടവിലങ്ങ് പഞ്ചായത്തിൽ 2 യൂണിറ്റുകൾക്ക് 18,180/- രൂപയും ഇപ്രകാരം ആകെ 11 യൂണിറ്റുകൾക്ക് 3,64,196/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |
| (സി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ 2,289 സംരംഭങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ 79,29,751 രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ മുനക്കൽ ബീച്ചിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്? | (ഡി) | മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായും ടൂറിസം വകുപ്പിന്റെ ഭാഗമായും മുനക്കൽ ബീച്ചിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിച്ച് വരികയാണ്. ഇവിടെ വ്യവസായ വകുപ്പിന്റേതായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ